കേരള സർക്കാർ
കാർഷിക വികസന
കർഷക ക്ഷേമ വകുപ്പ്

# ഹരിതദളം

പുസ്തകം 22 | ലക്കം 9 | ജനവരി 30 2024

ഫാം ഇൻഫർമേഷൻ ബ്യൂറോയുടെ ദ്വൈവാര ഇ-വാർത്ത പത്രിക

അകത്താളുകളിൽ

2 കേരള കാർഷിക സർവ്വകലാശാല ഓൺലൈൻ വിപണിയിലേക്ക്

3 'വനിതാ കർഷിക സംരംഭക മേഖല സമ്മേളനം 2024' വെള്ളാനിക്കരയിൽ ഉദ്ഘാടനം ചെയ്തു

5 കാർഷികാവശ്യത്തിനുള്ള സൗജന്യ വൈദ്യുതി വിതരണത്തിൽ തടസ്സം നേരിടില്ല: കൃഷി മന്ത്രി ശ്രീ.പി. പ്രസാദ്

## നെൽകൃഷിയിൽ ഡ്രോൺ ഉപയോഗിച്ച് നടത്തുന്ന സൂക്ഷ്മ മൂലക പ്രയോഗ പരിശീലനവും ഏകദിന സെമിനാറും

കേരള കാർഷിക സർവകലാശാല യൂണിവേഴ്സിറ്റി ഓഫ് വെസ്റ്റേൺ ഓസ്ട്രേലിയ കോളാബറേറ്റീവ് പ്രോജക്റ്റിന്റെയും കമ്മ്യൂണിക്കേഷൻ സെന്ററിന്റെയും സംയുക്താഭിമുഖ്യത്തിൽ നെൽകൃഷിയിൽ ഡ്രോൺ ഉപയോഗിച്ച് നടത്തുന്ന സൂക്ഷ്മ മൂലക പ്രയോഗ പരിശീലനവും ഏകദിന സെമിനാറും അന്തിക്കാട് വച്ച് ചലച്ചിത്ര സംവിധായകൻ ശ്രീ സത്യൻ അന്തിക്കാട് ഉദ്ഘാടനം ചെയ്തു. മുൻ കൃഷിവകുപ്പ് മന്ത്രി ശ്രീ. വി.എസ് സുനിൽകുമാർ, യൂണിവേഴ്സിറ്റി ഓഫ് വെസ്റ്റേൺ ഓസ്ട്രേലിയ ഡയറക്ടർ പ്രൊ. കടമ്പോട് സിദ്ദീഖ്, പ്രിൻസിപ്പൽ ഇൻവെസ്റ്റിഗേറ്റർ ഡോ.ജയശ്രീ കൃഷ്ണൻകുട്ടി, ഗ്രാമ പഞ്ചായത്ത് പ്രസിഡൻറ് ശ്രീമതി ജ്യോതി രാമൻ, വൈസ് പ്രസിഡണ്ട് ശ്രീ.സുജിത് പി.എസ് കൃഷി ഓഫീസർമാരായ ശ്രീമതി.ശ്വേത കെ എസ്., ഡോ.ജാസ്മിൻ തോമസ് തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു . തുടർന്ന് കാർബൺ സംതുലിത കൃഷി-പ്രായോഗിക തലത്തിൽ ,നെൽകൃഷിയിൽ സൂക്ഷ്മ മൂലകങ്ങളുടെ പ്രാധാന്യവും ഡ്രോൺ ട്രെയിനിങ്ങിന്റെ പ്രസക്തിയും എന്നീ വിഷയങ്ങളിൽ ഡോ.പി ഒ.നമീർ ഉം ഡോ. സുനിൽ വി ജിയും നയിച്ച സെമിനാർ നടന്നു.



ചീഫ് എഡിറ്റർ - ആശ എസ്. കുമാർ
എഡിറ്റർ - ഡോ. ബിന്ദ ഹാരിയറ്റ് ഐവൻ
അസോസിയേറ്റ് എഡിറ്റർ - പ്രശാന്ത് ജി.എസ്.
അസിസ്റ്റൻറ് എഡിറ്റർ - വിഷ്ണു എസ്.പി.

# കേരള കാർഷിക സർവ്വകലാശാല ഓൺലൈൻ വിപണിയിലേക്ക്

കേരള കാർഷിക സർവകലാശാല പ്രസിദ്ധീകരണങ്ങൾ ഓൺലൈൻ വിൽപ്പനക്ക് ലഭ്യമാകുന്ന പദ്ധതിക്ക് തുടക്കമായി. ജനുവരി 18 വ്യാഴാഴ്ച കൃഷി വകുപ്പ് മന്ത്രിയുടെ ചേമ്പറിൽ വച്ച് നടന്ന ചടങ്ങിൽ കൃഷി വകുപ്പ് മന്ത്രിയും സർവ്വകലാശാല പ്രൊ ചാൻസലറുമായ ശ്രീ.പി. പ്രസാദ് പദ്ധതിയുടെ ഉദ്ഘാടനം നിർവഹിച്ചു. സർവ്വകലാശാല വൈസ് ചാൻസലർ ഡോ.ബി.അശോക് ഐ എ എസ്. ചടങ്ങിൽ പങ്കെടുത്തു. കൃഷി രീതികളെക്കുറിച്ചും, വിള പരിപാലനത്തെക്കുറിച്ചും സർവ്വകലാശാല പ്രസിദ്ധീകരിച്ചിട്ടുള്ള പുസ്തകങ്ങൾ പ്രമുഖ ഇ കോമേഴ്സ് സൈറ്റുകളായ ആമസോൺ, ഫ്ളിപ് കാർട്ട് എന്നിവയിൽ വിൽപനക്ക് ലഭ്യമാകും.കേരളത്തിൽ ആദ്യമായാണ് ഒരു സർവ്വകലാശാല പ്രസിദ്ധീകരണങ്ങൾ ഓൺലൈൻ വിൽപ്പനക്കു ലഭ്യമാക്കുന്നത്.നിലവിൽ സർവ്വകലാശാലയുടെ വിവിധ വിൽപന കേന്ദ്രങ്ങളിലൂടെ മാത്രമേ സർവ്വകലാശാല പ്രസിദ്ധീകരണങ്ങൾ കർഷകർക്ക് ലഭ്യമാകുമായിരുന്നുള്ളൂ. കൃഷി വകുപ്പിന്റെ 'കേരൾഅഗ്രൊ' എന്ന ബ്രാൻഡിന് കീഴിലാണ് സർവ്വകലാശാല ഈ ഓൺലൈൻ വിൽപന നടത്തുന്നത്.



കർഷകർക്കിടയിൽ ആവശ്യക്കാരേറെയുള്ള വിള പരിപാലന ശുപാർശകൾ, കൃഷി പഞ്ചാംഗം, നെല്ല്, തെങ്ങ്, വാഴ തുടങ്ങി വിവിധ വിളകളുടെ പരിപാലനത്തെ കുറിച്ച് വിശദീകരിക്കുന്ന പുസ്തകങ്ങൾ, ഔഷധ സസ്യങ്ങൾ, കൃഷി കീടബാധ, വിവിധ വളപ്രയോഗങ്ങൾ, കേരളത്തിലെ മണ്ണിനങ്ങൾ തുടങ്ങിയ 36 സർവ്വകലാശാല പ്രസിദ്ധീകരണങ്ങൾ തുടക്കത്തിൽ ഓൺലൈനായി ലഭ്യമാകും. പദ്ധതിയുടെ ആരംഭത്തോടനുബന്ധിച്ച് പുസ്തകങ്ങളോടൊപ്പം ഓരോ പാക്കറ്റ് വിത്തും സൗജന്യമായി നൽകും.



# 'വനിതാ കർഷിക സംരംഭക മേഖല സമ്മേളനം 2024' വെള്ളാനിക്കരയിൽ ഉദ്ഘാടനം ചെയ്തു

സ്ത്രീകൾ സമൂഹത്തിന്റെ നട്ടെല്ലാണെന്നും രാഷ്ട്രത്തെ മുന്നോട്ടു കൊണ്ടുപോകാൻ പുരുഷന്മാരോടൊപ്പം സ്ത്രീകൾ കൂടി അധ്വാനിക്കണമെന്നും കേന്ദ്ര കൃഷി വകുപ്പ് സഹമന്ത്രി സുശ്രീ. ശോഭ കരന്തലജെ പറഞ്ഞു. 2047 വർഷത്തോട് കൂടി ഭാരതത്തെ വികസിത രാഷ്ട്രമാക്കി മാറ്റുക എന്ന ലക്ഷ്യം മുൻനിർത്തി ഓരോ പൗരന്മാരും പ്രവർത്തിക്കണമെന്ന് മന്ത്രി ആഹ്വാനം ചെയ്തു. കേരള കാർഷിക സർവ്വകലാശാലയും ഭാരതീയ കാർഷിക ഗവേഷണ കൗൺസിലും (ഐസിഎആർ) സംയുക്തമായി സംഘടിപ്പിക്കുന്ന 'വനിതാ കർഷിക സംരംഭക മേഖല സമ്മേളനം 2024' വെള്ളാനിക്കരയിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.ഇന്ത്യയിലെ കാർഷിക സർവ്വകലാശാലകളിലെ വിദ്യാർത്ഥികളിൽ പകുതിയിലേറെ പേർ പെൺകുട്ടികളാണെന്നത് അഭിമാനകരമാണെന്ന് മന്ത്രി പറഞ്ഞു. ഇന്ത്യയിലെ മറ്റിടങ്ങളിൽ നിന്നും വ്യത്യസ്തമായി സ്ത്രീ കേന്ദ്രീകൃത സമൂഹം ഉള്ള സ്ഥലമാണ് കേരളമെന്നും ഇത് വനിതാ സംരംഭകത്വം പ്രോത്സാഹിപ്പിക്കാൻ സഹായകരമാണെന്നും മന്ത്രി പറഞ്ഞു.കർഷകരുടെ വരുമാനം ഇരട്ടിയാക്കുക എന്നത് ലക്ഷ്യമിട്ട് ഒരു ലക്ഷം കോടി രൂപ കാർഷിക അടിസ്ഥാന സൗകര്യ വികസനത്തിന് കേന്ദ്ര സർക്കാർ വകയിരിത്തിയിട്ടുണ്ടെന്നും ആ തുക ഉപയോഗിച്ച് എല്ലാ ജില്ലകളിലും കാർഷിക ഉത്പന്നങ്ങൾ നിർമ്മിച്ചു കയറ്റുമതി ചെയ്യാൻ പര്യാപ്തമായ ശീത സംഭരണികൾ, ഭക്ഷ്യ പരിശോധന ലാബുകൾ തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കാൻ സംസ്ഥാന സർക്കാരുകളോട് മന്ത്രി ആവശ്യപ്പെട്ടു.കാലാവസ്ഥ വ്യതിയാനം മുന്നിൽ കണ്ട് വിവിധ വിളകളുടെ പുതിയ ഇനങ്ങൾ വികസിപ്പിക്കുവാനും അവ കൃഷിയിടങ്ങളിൽ എത്തുന്നു എന്ന് ഉറപ്പാക്കുവാനും ശാസ്ത്ര സമൂഹത്തോട് മന്ത്രി ആഹ്വാനം ചെയ്തു. സംസ്ഥാന സർക്കാർ ആരംഭിച്ച ഡി.പി.ആർ ക്ലിനിക്കുകൾ സാരംഭകത്വ വികസന കാർഷിക രംഗത്തു വൻ മുന്നേറ്റത്തിന് കാരണമായി എന്ന് ചടങ്ങിൽ സംസാരിച്ച സംസ്ഥാന കൃഷി വകുപ്പ് മന്ത്രി ശ്രീ.പി.പ്രസാദ് പറഞ്ഞു. കാർഷിക രംഗത്ത് വനിതാ സംരംഭകത്വം കാലഘട്ടത്തിന്റെ അനിവാര്യതയാണെന്ന റവന്യൂ മന്ത്രി അഡ്വ.കെ.രാജൻ വ്യക്തമാക്കി.ഒല്ലൂരിൽ നടപ്പിലാക്കിയ 'ഒല്ലൂർ കൃഷി സമൃദ്ധി കൂട്ടായ്മ' വനിതാ കാർഷിക സംരംഭകത്വ രംഗത്തെ ഒരു പ്രസക്തമായ മുന്നേറ്റമാണെന്ന മന്ത്രി പറഞ്ഞു. കാർഷിക സർവ്വകലാശാല വൈസ് ചാൻസലർ ഡോ.ബി. അശോക് ഐ.എ.എസ്.ചടങ്ങിൽ അധ്യക്ഷത വഹിച്ചു.കാഴ്ച പരിമിതികളെ അവഗണിച്ചു കേരളത്തിലെ മികച്ച സംരംഭകയായി വളർന്ന ശ്രീമതി. ഗീത സലീഷിനെ ചടങ്ങിൽ കേന്ദ്ര മന്ത്രി ഉപഹാരം നൽകി ആദരിച്ചു. കേരളത്തിലെ കാർഷിക സംരഭകരെക്കുറിച്ചുള്ള വീഡിയോയുടെ പ്രകാശനം റവന്യൂ മന്ത്രി നിർവഹിച്ചു.വനിതാ സംരംഭകരുടെ ഡയറക്ടറിയുടെയും സർവ്വകലാശാല വിജ്ഞാന വ്യാപന വിഭാഗത്തെ കുറിച്ചുള്ള പുസ്തകം 'അബോഡ്'



ന്റെയും പ്രകാശനവും ചടങ്ങിൽ നടന്നു. ഐ.സി.എ.ആർ.അടാരി ഡയറക്ടർ ഡോ.വെങ്കടസുബ്രമഹ്ണ്യം, മാടക്കത്തറ ഗ്രാമ പഞ്ചായത്ത് പ്രസിഡണ്ട് ശ്രീമതി ഇന്ദിര മോഹനൻ, നാഷണൽ ഫുഡ് ടെക്നോളജി ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ ഡോ.വി.പളനിമുത്തു, കാർഷിക സർവകലാശാല ഗവേഷണ വിഭാഗം മേധാവി ഡോ.മധു സുബ്രമഹ്ണ്യം ,വിജ്ഞാന വ്യാപന വിഭാഗം മേധാവി ഡോ.ജേക്കബ് ജോൺ എന്നിവർ ചടങ്ങിൽ സംസാരിച്ചു.

വനിതാ കർഷകരെ ശാക്തീകരിക്കുന്നതിനും കാർഷിക സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിനും വൈവിധ്യവും സുരക്ഷിതവുമായ ഭക്ഷണം ലഭ്യമാക്കുന്നതിനും ലക്ഷ്യമിട്ടാണ് കേരളം, കർണാടകം, ലക്ഷദ്വീപ് മേഖലയിലെ കർഷകരെ ഉൾക്കൊള്ളിച്ചുള്ള വനിതാ കാർഷിക സംരംഭക മേഖല സമ്മേളനം സംഘടിപ്പിക്കുന്നത്.വനിതാ സംരംഭകരുടെ നേട്ടങ്ങൾ, അനുവർത്തിക്കുന്ന നൂതന സാങ്കേതിക വിദ്യകൾ, വിജയഗാഥകൾ എന്നിവ പൊതുജനങ്ങളുടെ മുന്നിൽ എത്തിക്കുന്ന ശക്തമായ വേദിയാണ് ഈ മേഖല സമ്മേളനം . കർണാടക, കേരളം, ലക്ഷദ്വീപ് കൃഷി വിജ്ഞാന കേന്ദ്രങ്ങളിൽ ളിൽ നിന്നുള്ള വനിതാ സംരംഭകരെയും അവരെ സഹായിക്കുന്ന കെ വി കെയിലെ ശാസ്ത്രജ്ഞരെയും ഒരുമിച്ച് കൊണ്ടുവരുന്ന ഈ സമ്മേളനം വനിതസംരംഭകരുടെ ആശയങ്ങളും പ്രവർത്തന രീതികളും പരസ്പരം പങ്കുവയ്ക്കാനുള്ള അവസരമായി മാറും.

# ഒതളൂർ ഹരിത പാടശേഖരത്തിൽ വിളകളിറക്കാൻ കൂട്ടായ തീരുമാനം

പാലക്കാട് കൃഷി വിജ്ഞാന കേന്ദ്രം, തൃത്താല ബ്ലോക്ക് പഞ്ചായത്ത്, പട്ടിത്തറ ഗ്രാമ പഞ്ചായത്ത്, കൃഷി വകുപ്പ്, കെ.എസ്.ഇ.ബി എന്നിവരുടെ സംയുക്ത സഹകരണത്തോടെ ഒതളൂർ ഹരിത പാടശേഖരത്തിൽ മൂന്നാം വിളയായി ചെറുപയർ, പയർ, പച്ചക്കറി, തണ്ണിമത്തൻ വിളകളിറക്കാൻ കൂട്ടായ തീരുമാനം എടുത്തു. തൃത്താല ബ്ലോക്ക് പഞ്ചായത്തിന്റെ പദ്ധതി പ്രകാരം ഹരിത പാടശേഖരത്തിന് ലഭിച്ച മോട്ടോർ പമ്പ് സെറ്റിന്റെ ഫലപ്രദമായ ഉപയോഗത്തിലൂടെ മൂന്നാംവിള പച്ചക്കറി കൃഷി ചെയ്ത് വിഷമില്ലാത്ത ഭക്ഷ്യ വസ്തുക്കൾ പഞ്ചായത്തിൽ നാട്ടു ചന്തകളിലൂടെ ലഭ്യമാക്കുകയാണ് ലക്ഷ്യം. പാലക്കാട് കൃഷി വിജ്ഞാന കേന്ദ്രം നടപ്പിലാക്കുന്ന 'നിക്ര' പദ്ധതി പ്രകാരം പാടശേഖരത്തിലെ തലകുളത്തിൽ അടിഞ്ഞ മണ്ണ് നീക്കം ചെയ്ത് ആഴം കൂട്ടുന്നതിനായി നടത്തുന്ന പ്രവർത്തനങ്ങൾ മൂന്നാം വിള കൃഷിക്ക് സഹായകരമാകും. കൃഷി സ്ഥലത്തിൽ പന്നി ഇറങ്ങുന്നത് തടയുന്നതിന് താത്ക്കാലിക വേലി ഒരുക്കുന്നതിന് പട്ടിത്തറ ഗ്രാമ പഞ്ചായത്ത് സഹായ വാഗ്ദാനം നൽകി. നെല്ലിൽ നിന്നുള്ള മൂല്യ വർദ്ധിത ഉത്പ്പന്നങ്ങൾ തയ്യാറാക്കി ബ്രാൻഡ് ചെയ്ത് പ്രാദേശിക വിപണിയിൽ എത്തിക്കുന്നതിനുള്ള സന്നദ്ധതയും പാടശേഖര സമിതി അറിയിച്ചു. പ്രസ്തുത പരിപാടി പട്ടിത്തറ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് ശ്രീ. പി.ബാലന്റെ അദ്ധ്യക്ഷതയിൽ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് അഡ്വ.വി.പി റജീന ഉത്ഘാടനം ചെയ്തു. കെ.വി.കെ പ്രോഗ്രാം കോർഡിനേറ്റർ ഡോ. സുമിയ കെ.വി, കൃഷി അസി.ഡയറക്ടർ ശ്രീ.പ്രദീഷ്.വി.എസ്, കൃഷി ഓഫീസർ ശ്രീമതി.അശ്വതി.സി, അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീ.അജികുമാർ, ഹരിത പാടശേഖര സമിതി സെക്രട്ടറി ശ്രീ.അബ്ദുൾ മജീദ്, കർഷകരായ സുരേഷ് ബാബു, എം രവീന്ദ്രൻ എന്നിവർ സംസാരിച്ചു. പാലക്കാട് കൃഷി വിജ്ഞാന കേന്ദ്രം അസിസ്റ്റന്റ് പ്രഫസർ ഡോ.രശ്മി.ജെ പച്ചക്കറി കൃഷിയിൽ ക്ലാസെടുത്തു. ഹരിത പാടശേഖര സമിതി പ്രസിഡന്റ് ശ്രീ.രാമൻ നമ്പൂതിരി സ്വാഗതവും, ശ്രീ വി.ടി ഉണ്ണികൃഷ്ണൻ നന്ദിയും പറഞ്ഞു.



# കാർഷികാവശ്യത്തിനുള്ള സൗജന്യ വൈദ്യുതി വിതരണത്തിൽ തടസ്സം നേരിടില്ല: കൃഷി മന്ത്രി ശ്രീ.പി. പ്രസാദ്

കാർഷികാവശ്യത്തിന് സൗജന്യമായി ലഭിച്ചുകൊണ്ടിരുന്ന വൈദ്യുതി വിതരണത്തിന് തടസ്സമുണ്ടാകില്ലെന്ന് കൃഷിവകുപ്പ് മന്ത്രി അറിയിച്ചു. വൈദ്യുതിവകുപ്പ് മന്ത്രി കെ കൃഷ്ണൻകുട്ടിയുമായി നടത്തിയ ചർച്ചക്ക് ശേഷമാണ് കൃഷി മന്ത്രി ഇക്കാര്യം പറഞ്ഞത്. വൈദ്യുതി ചാർജ്ജിനത്തിലുള്ള കുടിശ്ശിഖ തീർപ്പാക്കാത്തത് കൊണ്ട് വൈദ്യുതി വിഛേദിക്കപ്പെടുന്ന സാഹചര്യം ഒഴിവാക്കുന്നതിനാണ് ഉന്നത ഉദ്യോഗസ്ഥരുടെ യോഗം വിളിച്ചത്. നിലവിലുള്ള കുടിശിഖ തുക തീർക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കാനും യോഗത്തിൽ തീരുമാനമായി. കാർഷികാവശ്യത്തിന് ഉപയോഗിക്കുന്ന പമ്പുകളുടെ സൗരവൈദ്യുതീകരണം നടപ്പിലാക്കുന്നതിലൂടെ തങ്ങൾക്കുണ്ടാകുന്ന ലാഭത്തെ കുറിച്ച് പരമാവധി കർഷകരെ ബോധവൽക്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമെന്നും മന്ത്രി പറഞ്ഞു. വൈദ്യുതി വകുപ്പ് അഡീ. ചീഫ് സെക്രട്ടറി കെ.ആർ ജ്യോതിലാൽ ഐ.എ.എസ്, കാർഷികോല്പാദന കമ്മീഷണർ ബി.അശോക് ഐ.എ.എസ്, കൃഷിവകുപ്പ് ഡയറക്ടർ സീറാം സാംബശിവ റാവു ഐ.എ.എസ് അനെർട്ട് ഡയറക്ടർ ഡോ.ആർ ഹരികുമാർ, കെ.എസ്.ഇ.ബി ഉദ്യോഗസ്ഥർ എന്നിവരും പങ്കെടുത്തു.

# നാളികേര സംഭരണത്തിന് കൃഷിയിടത്തിന്റെ പരമാവധി വിസ്തൃതി 15 ഏക്കറാക്കി ഉയർത്തി: കൃഷിമന്ത്രി ശ്രീ. പി. പ്രസാദ്

15 ഏക്കർ വരെ കൃഷി ഭൂമിയുള്ള കർഷകരിൽ നിന്നും നാളികേര സംഭരണത്തിന് സർക്കാർ അനുമതി നൽകിയതായി കൃഷി മന്ത്രി ശ്രീ. പി. പ്രസാദ് അറിയിച്ചു. നിലവിലെ പരമാവധി വിസ്തൃതി 5 ഏക്കറായിരുന്നു.

അഞ്ച് ഏക്കറിൽ കൂടുതൽ സ്ഥലത്ത് നാളികേര ഉൽപ്പാദനം നടത്തുന്ന കർഷകരെ കൂടി കൊപ്ര സംഭരണ പദ്ധതിയിലെ ഗുണഭോക്താക്കളാക്കണമെന്ന ആവശ്യം കൊപ്ര സംഭരണ പ്രവർത്തനങ്ങൾ ഏകോപിക്കുന്നതിന് രൂപീകരിച്ച സംസ്ഥാനതല മോണിറ്ററിംഗ് കമ്മിറ്റി ചർച്ച ചെയ്യുകയും, 15 ഏക്കർ വരെ കൃഷി ഭൂമിയുള്ള കർഷകരിൽ നിന്നും കൊപ്ര സംഭരണത്തിനായി പച്ചത്തേങ്ങ സംഭരിക്കുന്നതിന് ശുപാർശ നൽകുകയും ചെയ്തിരുന്നു.

സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ച് സംസ്ഥാന സർക്കാരിന്റെ പച്ച തേങ്ങാ സംഭരണത്തിലും നാഫെഡ് മുഖേനയുള്ള കൊപ്ര സംഭരണത്തിന്റെ ഭാഗമായ പച്ചതേങ്ങ സംഭരണത്തിനും 15 ഏക്കർ വരെ കൃഷി ഭൂമിയുള്ള കർഷകരിൽ നിന്നും പച്ചതേങ്ങ സംഭരിക്കുന്നതിന് അനുമതി നൽകിയതായി മന്ത്രി അറിയിച്ചു.

# കേന്ദ്ര സർക്കാർ കേരളത്തിലെ റബ്ബർ കർഷകരോട് കാണിക്കുന്നത് തികഞ്ഞ അവഗണന: മന്ത്രി ശ്രീ. പി. പ്രസാദ്

## റബ്ബർ തോട്ടങ്ങളുടെ പുനഃരുദ്ധാരണത്തിന് 225 കോടി രൂപയുടെ പ്രത്യേക പദ്ധതി

സംസ്ഥാനത്തെ റബ്ബർ കർഷകരോട് കേന്ദ്രത്തിനുള്ളത് വിവേചന പരമായ നയമാണെന്നും സംസ്ഥാന സർക്കാരിന്റെ പ്രത്യേക പദ്ധതികളാണ് കർഷകർക്ക് അല്പമെങ്കിലും ആശ്വസമേകുന്നതെന്നും മന്ത്രി ശ്രീ. പി പ്രസാദ് നിയമസഭയിൽ പറഞ്ഞു. മോൻസ് ജോസഫ് എം എൽ. എ അവതരിപ്പിച്ച അടിയന്തര പ്രമേയത്തിന് മറുപടി നൽകുകയായിരുന്നു അദ്ദേഹം.

കേരളത്തിൽ റബ്ബറിന്റെ വില ത്തകർച്ച കാരണം ദുരിതമനുഭവിക്കുന്ന കർഷകരെ സഹായിക്കുന്നതിന് സംസ്ഥാന സർക്കാർ നടപ്പിലാക്കി വരുന്ന റബ്ബർ പ്രൊഡക്ഷൻ ഇൻസന്റീവ് സ്കീം വഴി സാധിക്കുന്നുണ്ടെന്ന് മന്ത്രി പറഞ്ഞു. റബ്ബർ ബോർഡിൽ

നിന്നും ലഭ്യമായ കണക്കുകൾ പ്രകാരം ഏകദേശം 9.5 ലക്ഷത്തോളം റബ്ബർ കർഷകരാണ് സംസ്ഥാനത്ത് ആകെയുള്ളത്. അതിൽ 5,59,458 കർഷകർ റബ്ബർ ബോർഡിന്റെ പോർട്ടലിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്.മേൽ നിബന്ധന ബാധകമായ ഏതൊരു ചെറുകിട-നാമമാത്ര കർഷകനും പോർട്ടലിൽ രജിസ്റ്റർ ചെയ്ത് ആനുകൂല്യത്തിന് അർഹനാകുന്നതിൽ യാതൊരു തടസ്സവുമില്ലന്നും മന്ത്രി വ്യക്തമാക്കി.

ലോക ബാങ്ക് സഹായത്തോടെ കേരളത്തിൽ നടപ്പിലാക്കുന്ന കേരള കാലാവസ്ഥാ പ്രതിരോധ മൂല്യ വർദ്ധിത ശൃംഖല നവീകരണ പദ്ധതി (കേര) പ്രകാരം പ്ലാന്റേഷൻ സെക്ടറിന്റെ ഉന്നമനത്തിനായി പ്രത്യേക പ്രാധാന്യം നൽകിയിട്ടുണ്ട്. ഒരു ഹെക്ടറിന് 75,000 രൂപ നിരക്കിൽ ഏകദേശം 225 കോടി രൂപയാണ് റബ്ബറിന്റെ പുനർ നടീൽ സഹായത്തിനായി വകയിരുത്താനാണ് ഉദ്ദേശിച്ചിട്ടുള്ളത്. കർഷകർക്കുള്ള സാങ്കേതിക സഹായം, വായ്പാധിഷ്ഠിത പുനർ നടീൽ പദ്ധതി എന്നിവ നടപ്പിലാക്കി ദീർഘ കാലാടിസ്ഥാനത്തിൽ കേരളത്തിന്റെ റബ്ബർ കൃഷി വിപുലപ്പെടുത്തി കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനാണ സർക്കാർ ലക്ഷ്യമിടുന്നതെന്നും മന്ത്രി പറഞ്ഞു . റബ്ബറിന്റെ ഉത്പാദന ക്ഷമത വർദ്ധിപ്പിക്കത്തക്ക വിധം ഗുണമേന്മയുള്ള നടീൽ വസ്തുക്കൾ കർഷകരിൽ എത്തിക്കുവാൻ കൂടുതൽ നേഴ്സറികൾ ആരംഭിക്കുവാനും പദ്ധതിയിൽ തുക വകയിരുത്തിയിട്ടുണ്ട്. റബ്ബർ കർഷകർക്ക് കുറഞ്ഞ പലിശയിൽ വായ്പ ലഭ്യമാക്കുവാൻ "പാർഷ്യൽ ക്രഡിറ്റ് ഗ്യാരണ്ടി സപ്പോർട്ട് സ്കീമും" പദ്ധതിയിൽ വിഭാവനം ചെയ്യുന്നു. റബ്ബർ ബോർഡ് മുഖേനയായിരുന്നു നാളിതുവരെ റബ്ബർ കൃഷിക്കുള്ള ആനുകൂല്യം നൽകി വന്നിരുന്നത്. എന്നാൽ ഇതാദ്യമായാണ് റബ്ബർ കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് സർക്കാർ കൃഷി വകുപ്പ് മുഖേന 'കേര' പദ്ധതിയിലൂടെ ഇടപെടുന്നത്.

റബ്ബറിന്റെ ഉല്പാദന ചെലവ് വർദ്ധിച്ച സാഹചര്യം കണക്കിലെടുത്ത് 2021 ൽ കിലോയ്ക്ക് 150 രൂപയായിരുന്ന താങ്ങുവില 170 രൂപയായി വർദ്ധിപ്പിച്ചിട്ടുള്ളതാണ്. റബ്ബറിന്റെ താങ്ങുവില 170 രൂപയിൽ നിന്നും 250 ആയി ഉയർത്തുന്നതിന് കേന്ദ്രസർക്കാരിനോട് സഹായം അഭ്യർത്ഥിച്ചിട്ടുണ്ടെങ്കിലും നാളിതുവരെ പരിഗണിച്ചിട്ടില്ല. റബ്ബറിന്റെ വിലയിടിവ് റബ്ബർ കർഷകരെ ബാധിക്കുന്നുണ്ട്. എന്നാലും 2015-16 ൽ ടാപ്പ് ചെയ്യുന്ന റബ്ബറിന്റെ വിസ്തീർണ്ണം 2,96,465 ഹെക്ടർ ആയിരുന്നത് 2021-22 ൽ 3,55,700 ഹെക്ടർ ആയി വർദ്ധിച്ചു. ഉത്പാദനം 4,38,630 ടൺ ആയിരുന്നത് 5,56,600 ടൺ ആയും വർദ്ധിച്ചിട്ടുണ്ട്. 1,17,970 ടണ്ണിന്റെ ഉത്പാദന വർദ്ധനവ് ആണ് നേടിയിട്ടുള്ളത്. കേരളത്തിൽ ഉത്പാദനം കൂടുമ്പോൾ തന്നെ കേന്ദ്ര സർക്കാർ അനിയന്ത്രിതമായി റബ്ബർ ഇറക്കുമതി ചെയ്യുകയാണ്. 2015-16 ൽ 4,58,374 ടൺ ഇറക്കുമതി എന്നത് 2021-22 ൽ 5,46,361 ടൺ ആയി വർദ്ധിച്ചു. ഇതിൽ 40.5 ശതമാനം ആസിയാൻ കരാറിന്റെ ഭാഗമായി തീരുവ ഇല്ലാതെ ഇറക്കുമതി ചെയ്യുതാണ്. ഈ പ്രവണത വീണ്ടും തുടർന്നു വരികയാണ്. ഇത് സംസ്ഥാനത്തെ റബ്ബർ കർഷകർക്ക് കനത്ത ആഘാതമാണ് സൃഷ്ടിക്കുന്നത്.

തീരുവയില്ലാതെയുള്ള സ്വാഭാവിക റബ്ബർ ഇറക്കുമതി അവസാനിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നും എല്ലാ തരത്തിലുമുള്ള ഉണക്കരൂപത്തിലുള്ള റബ്ബറിന്റെ ഇറക്കുമതി തീരുവ 70% ലേക്ക് ഉയർത്തണമെന്നും റബ്ബറിനെ "Make In India" പദ്ധതിയിൽ ഉൾപ്പെടുത്തണമെന്നും അഭ്യർത്ഥിച്ചു കൊണ്ട് സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ടെങ്കിലും അതിലും നടപടി ഉണ്ടായിട്ടില്ല. ഇന്ത്യയിൽ ചണ്ടി റബ്ബർ (Cup Lum Rubber) ഇറക്കുമതി ചെയ്യുന്നതിന് നിലവിലുള്ള നിരോധനം തുടരണമെന്ന് കേന്ദ്ര വാണിജ്യ വകുപ്പിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. എല്ലാത്തരത്തിലുള്ള ഇറക്കുമതിയും കർഷകനെ ദോഷമായി ബാധിക്കുമെന്നതിനാൽ സ്വാഭാവിക റബ്ബറിന്റെ ഇറക്കുമതിയിലുള്ള നിയന്ത്രണങ്ങൾ തുടരണമെന്നും കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടിരുന്നു. കൂടാതെ റബ്ബർ ഇറക്കുമതി പരിമിതപ്പെടുത്തണമെന്നും സ്വാഭാവിക റബ്ബർ , ചിരട്ടപ്പാൽ എന്നിവയുടെ ഇറക്കുമതി 2019 -ലെ നാഷണൽ റബ്ബർ പോളിസിയിലൂടെ തടയണമെന്നും ദേശീയ തലത്തിൽ റോഡ് റബ്ബറൈസ് ചെയ്യുന്നത് പ്രോത്സാഹിപ്പിക്കുന്നതിനും, മറ്റു നിർമ്മാണ പ്രവൃത്തികളിൽ റബ്ബർവുഡിന്റെയും , റബ്ബർ അനുബന്ധ ഉൽപ്പന്നങ്ങളുടെയും ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതിനും നാഷണൽ റബ്ബർ പോളിസിയിലൂടെ സാധ്യമാകണമെന്നും അതാത് അവസരങ്ങളിൽ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിരുന്നു.

ഇറക്കുമതി ചെയ്യുന്ന റബ്ബറിന്റെ തീരുവയിൽ നിന്ന് ഒരു നിശ്ചിത തുക ഉപയോഗിച്ച് നാഷണൽ റബ്ബർ റിസ്ക് ഫണ്ട് രൂപീകരിച്ച് വിലയിടിവ് പരിഹരിക്കുവാൻ കേരള സർക്കാർ പ്രൊപ്പോസൽ കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. ഇതിൽ കേന്ദ്ര സർക്കാർ നാളിതുവരേയും തുടർ നടപടികൾ സ്വീകരിച്ചില്ല. കേന്ദ്ര സർക്കാരിന്റെ കുറഞ്ഞ താങ്ങുവില പട്ടികയിൽ റബ്ബറിനെ ഉൾപ്പെടുത്താൻ കേരള സർക്കാർ നിരന്തരം ആവശ്യപ്പെട്ടിട്ടും നടപടികൾ കൈകൊണ്ടിട്ടില്ല. കേരളത്തിന്റെ ഇടപെടൽ കാരണം റബ്ബറിനെ കാർഷിക ഉത്പ്പന്നമായി പ്രഖ്യാപിക്കുന്നതിനുള്ള നടപടികൾ പരിശോധിക്കാമെന്ന് കേന്ദ്ര സർക്കാർ പുറത്തിറക്കിയ 2019 ലെ റബ്ബർ നയത്തിൽ വ്യകതമാക്കിയിരുന്നു. എന്നാൽ സംസ്ഥാന സർക്കാർ നിരന്തരം ആവശ്യപ്പെട്ടിട്ടും ഇക്കാര്യത്തിലും തുടർ നടപടികൾ സ്വീകരിക്കുവാൻ കേന്ദ്ര സർക്കാർ തയ്യാറാകാത്തത് കർഷകരെ ദുരിതത്തിലാക്കിയിരിക്കുകയാണ്.

കേരള സർക്കാരിന്റെ നിരന്തര ആവശ്യം പരിഗണിച്ച് റോഡ് ടാറിങ്ങിന് റബ്ബർ ഉപയോഗിക്കുന്നതിന് വിവിധ സംസ്ഥാനങ്ങൾക്ക് റോഡ് ട്രാൻസ്പോർട്ട് & ഹൈവേ മന്ത്രാലയം 2019 ൽ നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. ടയർ കമ്പനികൾ റബ്ബറിന്റെ വില ഇടിക്കുന്നതിന്റെ തെളിവാണ് കോമ്പറ്റീഷൻ കമ്മീഷൻ 1788.144 കോടി രൂപ വിവിധ ടയർ കമ്പനികളിൽ നിന്നും ഓട്ടോമോട്ടീവ് ടയർ മാനുഫാക്ച്ചറിങ്ങ് കമ്പനികളിൽ നിന്നും ഈടാക്കുവാൻ നൽകിയ വിധി. റബ്ബർ കർഷകരോടുള്ള കേന്ദ്ര സർക്കാരിന്റെ ഈ വിരുദ്ധ നയങ്ങൾ തുടരുമ്പോഴും കേരള സർക്കാർ നടപ്പിലാക്കിയ RPIS സ്കീം കർഷകരെ ഈ മേഖലയിൽ തുടരുവാൻ പ്രേരിപ്പിക്കുന്നതാണെന്നും മന്ത്രി പറഞ്ഞു.

# ചോരയ്ക്ക് ചീര തന്നെ വേണം

**വിഷ്ണു എസ്.പി.**
അഗ്രികൾചറൽ ഓഫീസർ
ഫാം ഇൻഫർമേഷൻ ബ്യൂറോ

ചോരയ്ക്ക് ചീര തന്നെ വേണമെന്നാണ് ചൊല്ലെങ്കിലും ചീരയും ചോരയും തമ്മിൽ ശക്തമായ ഒരു ശാസ്ത്രീയ ബന്ധം കൂടിയുണ്ട്. ധാരാളം ജീവകങ്ങളും ധാതുലവണങ്ങളും അടങ്ങിയിട്ടുള്ള ചീര രക്തശുദ്ധീകരണത്തിന് പറ്റിയ ഔഷധമാണ്. രക്താണുക്കളുടെ നിർമാണത്തിന വേണ്ട പ്രോട്ടീനുകളോടൊപ്പം ധാരാളം ഫ്ളേവനോയിഡുകളും ആന്റി ഓക്സിഡന്റുകളും ചീരയിൽ അടങ്ങിയിട്ടുണ്ട്. ഉഷ്ണകാല വിളയായ ചീര, കൃഷി ചെയ്യാൻ പറ്റിയ സമയം കൂടിയാണിത്.

## ആരോഗ്യത്തിന് മാത്രമല്ല അലങ്കാരത്തിനും

ഇന്ന് പച്ചക്കറി ഉപയോഗത്തിന മാത്രമല്ല, അലങ്കാരത്തിന കൂടി ചീര വളർത്തുന്നത് ഒരു ട്രെൻഡ് ആയി മാറിയിരിക്കുകയാണ്. സാധാരണ ഉപയോഗിക്കുന്ന അലങ്കാര ചെടികൾക്കു പകരമായോ അവയ്ക്കൊപ്പമോ നല്ല ചുവചുവപ്പൻ ചീരകൊണ്ടുള്ള 'ഫുഡ് സ്കേപ്പിംഗ്' കണ്ടാൽ ആരും ഒന്നം നോക്കി നിന്ന പോകും. ജനപ്രിയ പ്രാദേശിക ഇനങ്ങളായ വ്ളാത്താങ്കര ചീര, ആലപ്പുഴ പട്ടുചീര എന്നിവ ഫുഡ്സ്കേപ്പിംഗിന് അനുയോജ്യമായ ഇനങ്ങളാണ്.

## ചീര കൃഷി വളരെ 'ഈസി'

ഏറ്റവും ലളിതമായി വളർത്തിയെടുക്കാവുന്ന ഒരു പച്ചക്കറി വിളയാണ് ചീര. കൃഷിയിലെ തുടക്കക്കാർക്കും വിദ്യാർത്ഥികൾക്കും വിദ്യാലയ മുറ്റത്തെ കൃഷിക്കും ഇഷ്ട താരം ചീര തന്നെ. അതിനുള്ള പ്രധാന കാരണങ്ങൾ ഇവയാണ്

- വേഗത്തിലുള്ള വളർച്ച
- പറിച്ചുനട്ട് 25 ദിവസംകൊണ്ട് ആദ്യ വിളവെടുപ്പ്
- തനിവിളയായും ഇടവിളയായും കൃഷിചെയ്യാം
- കീടരോഗങ്ങൾ കുറവ്
- ജൈവവളം ഇടുന്നതനുസരിച്ച് വിളവും കൂടും

## പ്രധാന ചീരയിനങ്ങൾ

ചുവപ്പ്, പച്ച നിറത്തിലുള്ള ചീരകൾ ഉണ്ടെങ്കിലും ചുവപ്പ് ചീരയോടാണ് മലയാളികൾക്ക് താല്പര്യം. കേരളത്തിൽ കൃഷി ചെയ്യുന്ന രണ്ട് പ്രധാന ഇനങ്ങളാണ് അരുൺ, കണ്ണാറ ലോക്കൽ എന്നിവ. പച്ച ഇനത്തിൽ പ്രധാനപ്പെട്ടവയാണ് CO-1, മോഹിനി എന്നിവ.

## വൈറലായി പ്രാദേശിക ഇനങ്ങൾ

ചില പ്രാദേശിക ഇനങ്ങൾ ഇന്ന് ഏറെ ജനപ്രിയമായി മാറിയിട്ടുണ്ട്. അതിൽ പ്രധാനപ്പെട്ടവയാണ് ചെങ്കൽചീര എന്നറിയപ്പെടുന്ന വ്ളാത്ത



കരച്ചീരയും, ആലപ്പുഴ തൈക്കൽ ചീര എന്നറിയപ്പെടുന്ന പട്ടുച്ചീരയും. നല്ല ഇളം ചുവപ്പു നിറമുള്ള വ്ളാത്താങ്കരച്ചീര ദീർഘകാല വിളവെടുപ്പിന് പറ്റിയ ഇനം കൂടിയാണ്. പച്ചയ്ക്കു തിന്നാൽ പോലും സ്വാദ് തോന്നിക്കുന്ന വ്ളാത്താങ്കരച്ചീരയുടെ അരുണശോണിമ നല്ല വെയിലേൽക്കുമ്പോൾ ആരുടെയും കണ്ണഞ്ചിപ്പിക്കും.

പട്ടുപോലെ മാർദ്ദവമുള്ള ഇലകളുള്ള പട്ടുച്ചീരയ്ക്ക് അല്പം കടുത്ത ചുവപ്പാണ്. തൈക്കൽ ചീര എന്നറിയപ്പെടുന്ന ഇവ വേരടക്കം പറിച്ചെടുക്കുന്ന ഒറ്റ വിളവെടുപ്പു രീതിയാണ് ആലപ്പുഴ ഭാഗത്ത് അവലംബിച്ചു വരുന്നത്. ഇലപ്പുള്ളി രോഗം ഉൾപ്പെടെയുള്ള രോഗ കീടബാധകൾ പട്ടുച്ചീരയിൽ കുറവാണ്.

## മണ്ണില്ലാകൃഷിയിലെയും താരം

സ്ഥല പരിമിതിയുള്ളവർക്ക് മണ്ണില്ലാകൃഷിക്ക് ഇന്ന് സംവിധാനങ്ങളേറെയാണ്. ചകിരിച്ചോർ കമ്പോസ്റ്റ് മുതൽ പേപ്പർ വേസ്റ്റ് വരെ വളർച്ചാ മാധ്യമമായി ഉപയോഗിച്ച് കൃഷി നടത്താം. കൂടാതെ ഹൈഡ്രോപോണിക്സ്, അക്വാപോണിക്സ്, തിരിനന തുടങ്ങിയ സംവിധാനങ്ങളും പ്രചാരത്തിലുണ്ട്. ഇത്തരത്തിലുള്ള കൃഷിയിലെല്ലാം തന്നെ വളരെ അനായാസം വളർത്തിയെടുക്കാവുന്നതും വേഗത്തിൽ വിളവ് തരുന്നതുമായ വിള കൂടിയാണ് ചീര.

## ഉഷ്ണകാലം അനുയോജ്യം

ചീരകൃഷി വർഷം മുഴുവൻ ചെയ്യാമെങ്കിലും ഉഷ്ണകാലവിളയായതുകൊണ്ടുതന്നെ തീവ്രമഴയുള്ള സമയം ഒഴിവാക്കേണ്ടതാണ്. നേരിട്ട് വിത്ത് പാകിയോ, തൈകൾ പറിച്ചു നട്ടോ ചീര കൃഷി ചെയ്യാം.

## വിളവെടുക്കുന്തോറും വളം നൽകണം

അടിവളത്തോടൊപ്പം തന്നെ പ്രധാനമാണ് ഓരോ വിളവെടുപ്പിനു ശേഷമുള്ള വളപ്രയോഗവും. വേനൽക്കാലത്ത് ചാലുകളെടുത്തും മഴക്കാലത്ത് വാരങ്ങളിലുമാണ് അടിവളം ചേർത്ത് തൈകൾ നടേണ്ടത്. ചാക്കിലാണെങ്കിൽ ഒന്നു രണ്ടു തൈകൾ മാത്രം നടുന്നതായിരിക്കും അനുയോജ്യം. തൈകൾ തണ്ട് അല്പം ആഴത്തിൽ താഴ്ത്തി നടേണ്ടതാണ്.

സെന്റ് ഒന്നിന് 100 കി.ഗ്രാം ട്രൈക്കോഡെർമ സമ്പുഷ്ടമായ ചാണകം അടിവളമായി നൽകണം. രണ്ടാഴ്ചയിലൊരിക്കൽ ചാണകം, വേപ്പിൻ പിണ്ണാക്ക്, കടല പിണ്ണാക്ക്, സ്യൂഡോമോണാസ് ഇവ കൂട്ടിയോജിപ്പിച്ച് വെള്ളത്തിൽ കലക്കി അരിച്ചെടുത്ത് 4-5 ഇരട്ടി നേർപ്പിച്ച് ചെടിച്ചുവട്ടിൽ ഒഴിച്ചുകൊടുത്താൽ ഇലകൾ നല്ല കരുത്തോടെ വളരും. 25 ദിവസം കൊണ്ട് ആദ്യ വിളവെടുപ്പ് നടത്താം. ഓരോ വിളവെടുപ്പിനു ശേഷവും വളപ്രയോഗം ശ്രദ്ധിക്കണം. പത്രപോഷണം (ഇലകളിൽ തളിക്കുന്ന രീതി) വഴി പുളിപ്പിച്ച വളങ്ങൾ നേർപ്പിച്ച് നൽകുന്നത് ഇലകൾ തഴച്ചു വളരുന്നതിന് സഹായിക്കും.



## സസ്യസംരക്ഷണമാർഗ്ഗങ്ങൾ

പൊതുവേ ചീരയിൽ കീട-രോഗ ബാധ കുറവാണ്. ഇലപ്പുള്ളി രോഗമാണ് പ്രധാനമായും കാണുന്ന പ്രശ്നം. പ്രതിരോധ മാർഗ്ഗമെന്ന നിലയിൽ സ്യൂഡോമോണാസ് 2 ശതമാനം വീര്യത്തിൽ ആഴ്ചയിലൊരിക്കൽ തളിക്കുന്നത് രോഗപ്രതിരോധത്തിന് ഉത്തമം. 20 ഗ്രാം പച്ചചാണകം 1 ലിറ്റർ വെള്ളത്തിൽ കലക്കി തെളിയെടുത്ത് 20 ഗ്രാം സ്യൂഡോമോണാസ്/ട്രൈക്കോഡെർമ ചേർത്ത് തളിക്കുന്നത് രോഗപ്രതിരോധത്തിനും ഇലകളുടെ വളർച്ചക്കും നല്ലതാണ്.

ഫോൺ : 0471 2317314, 2314358, 2318186, e-mail : piofibtvm@gmail.com, harithadalam@gmail.com
Published by Sreekala S., Principal Information Officer for Farm Information Bureau, Kowdiar P.O., Tvpm-3. Govt. of Kerala;
Editor: Dr. Binu Hariat Ivan., Design & Layout : Maya Santhosh